**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3421** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോൾ കൃഷിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോൾ കൃഷിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്, ആർ.കെ.ഐ. എന്നീ പദ്ധതികളിലായി കെ.എൽ.ഡി.സി. മുഖാന്തിരം വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശം **അനുബന്ധം -1** ആയി ചേർക്കുന്നു. |
| (ബി) | മാക്രോ ലെവൽ കോൾ മാനേജ്മെന്റിൽ നിന്ന് മൈക്രോ ലെവലിൽ ഉള്ള കോൾ മാനേജ്മെന്റിലേക്ക് കൊണ്ടുവരുന്നതിനെടുത്ത നടപടികൾ വിശദമാക്കാമോ; | (ബി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഓരോ പാടശേഖരത്തിന്റെയും ആവശ്യകതയനുസരിച്ച് കിട, റാംപ്, ഉൾച്ചാലുകളുടെ ആഴംകൂട്ടൽ, എഞ്ചിൻ ഷെഡ്, എഞ്ചിൻ തറ, ഫാം റോഡ് നിർമ്മാണം എന്നിവ ഉൾപ്പെടുത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ 153.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ട് നടപ്പിലാക്കി വരുന്നു. സ്ഥലം എം.എൽ.എ, പാടശേഖര സമിതി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ കോൾ മേഖലയിൽ ഇനിയും നടപ്പിലാക്കേണ്ടുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനായി രണ്ട് യോഗങ്ങൾ സംഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആർ.കെ.ഐ. പദ്ധതിയുടെ പ്രതീക്ഷിത സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി, ഓരോ പാടശേഖരങ്ങളിലെയും ആവശ്യകതകൾ സംബന്ധിച്ച അപേക്ഷ ബന്ധപ്പെട്ട കൃഷി ഓഫീസർമാർ മുഖേന കെ.എൽ.ഡി.സി. ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരികയാണ്. |
| (സി) | പടവുകളിലെ ഉൾച്ചാൽ, കിട, റാമ്പ് സ്ലൂയിസ് എന്നിവയുടെ കണക്കും സബ്മേഴ്സിബിൾ പമ്പുകൾ കമ്മീഷൻ ചെയ്തവയുടെ ലിസ്റ്റും ലഭ്യമാക്കാമോ; | (സി) | പടവുകളിലെ ഉൾച്ചാൽ, കിട, റാമ്പ്, സ്ലൂയിസ്, പമ്പുസെറ്റുകൾ എന്നിവയുടെ കണക്ക് **അനുബന്ധം -2** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഹൈലെവൽ കനാൽ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ഡി) | കുഞ്ഞാലിക്കൽ മുതൽ അയ്യപ്പൻകാവ് വരെയുള്ള 7994 മീറ്റർ നീളം വരുന്ന RIDF XXII -ൽ ഉൾപ്പെട്ട ഹൈ ലെവൽ കനാൽ വിവിധ റീച്ചുകളിലായാണ് നടപ്പിലാക്കുന്നത്. ആയതിന്റെ വിശദാംശം **അനുബന്ധം -3** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

## വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ കോൾ കൃഷിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ

| സ്കീം | വിശദാംശങ്ങൾ |
|---|---|
| ആർ.കെ.ഐ. | 16.48 കോടി രൂപയുടെ പ്രവൃത്തികൾ (ആകെ 10 പ്രവൃത്തികൾ) കരാറിൽ ഏർപ്പെട്ട് പുരോഗമിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഇതിൽ 11 എഞ്ചിൻ ഷെഡ്, എഞ്ചിൻ തറ – 1, 76.115 കി.മീ. ഉൾച്ചാലുകളുടെ ആഴം കൂട്ടൽ, 44 കിട, 33 റാംപ്, 23.60 കി.മീ ഫാം റോഡ് എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ആർ.ഐ.ഡി.എഫ് XXII – കോൾ സേവിംഗ്സ് | തൃശ്ശൂർ കോളിലെ മുല്ലശ്ശേരി കനാലിനു കുറുകെ പതിയാർകുളങ്ങരയിലും പഴമുക്ക് ബ്രാഞ്ച് കനാലിനു കുറുകെ പേരാമംഗലം ഭാഗത്തും വിസിബിയുടെ നിർമ്മാണത്തിന് 147.06 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. |
| ആർ.ഐ.ഡി.എഫ് XXII – ഹൈലെവൽ കനാൽ - സേവിംഗ്സ് | 157.71 ലക്ഷം രൂപയുടെ റെഗുലേറ്റർ കം ബ്രിഡ്ജ് പുഴയ്ക്കൽ തോടിന്റെ വലതു ബണ്ടിന്റെ ആരംഭത്തിൽ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

## പടവുകളിലെ ഉൾച്ചാൽ, കിട, റാമ്പ്, സ്ലൂയിസ്, പമ്പുസെറ്റുകൾ എന്നിവയുടെ കണക്ക്

| ക്രമ നമ്പർ | പാടശേഖരങ്ങളുടെ പേര് | ഉൾച്ചാലുകളുടെ ആഴം കൂട്ടൽ | കിട | റാംപ് | സ്ലൂയിസ് |
|---|---|---|---|---|---|
| 1 | Chathan kole padavu | 0 | 0 | 0 | |
| 2 | Valakulampadavu | 0 | 0 | 0 | |
| 3 | South Kole Padavu | 8000 | 5 | 3 | 0 |
| 4 | Chathan Kole Padavu | 4000 | 3 | 2 | 0 |
| 5 | Sangam North Kole | 10000 | 3 | 2 | 0 |
| 6 | Naikan Kalippadam Kole Padavu | 4000 | 1 | 1 | 0 |
| 7 | Tharissur Karimpana Kole Padavu | 4000 | 1 | 1 | 0 |
| 8 | Ponnore thazham Kole padavu (Chals – 1,2,3,4 &5) | 6000 | 4 | 2 | 0 |
| 9 | Vadakke (Ponnore thazham kole padavu (Chals – 1,2&3) | 2000 | 1 | 1 | 0 |
| 10 | Mundur thazham kole padavu (Chals – 1 & 2) | 1500 | 1 | 1 | 0 |
| 11 | Peramangalam Thazham Kole Padavu (Chals – 1,2 &3) | 2500 | 2 | 1 | 0 |
| 12 | Puthukarikka | 2000 | 6 | 0 | 0 |
| 13 | Chirukandath padavu | | | 4 | 0 |
| 14 | Pandaramkole | 3000 | | | 0 |
| 15 | Ombathumuri | | | | 0 |
| 16 | Ambalakadavu | | | | 0 |
| 17 | Kadavilakole | 1000 | 0 | 0 | 0 |
| 18 | Mananchira padavu | 5000 | 2 | 1 | 0 |
| 19 | Valankulam | 2000 | 2 | 1 | 0 |
| 20 | Naalumuri Nadumuri | 3000 | 3 | 4 | 0 |
| 21 | Kurudan Akkattan | 8000 | 4 | 2 | 0 |
| 22 | Puzhakkal Thodu – upstream side | 2800 | 0 | 0 | 0 |
| 23 | Old Puzhakkal thodu | 2490 | 0 | 0 | 0 |
| 24 | Karuthanivali | 2395 | 4 | 6 | 0 |
| 25 | Pannikkarakini | 2430 | 2 | 1 | 0 |
| 26 | Payikole | 0 | 0 | 0 | 0 |
| 27 | Poorekole | 0 | 0 | 0 | 0 |
| **Total** | | **76115** | **44** | **33** | **0** |

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയം മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ ആകെ 41 പമ്പ്സെറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ഇതിൽ 25 എണ്ണം (50 HP- 15 എണ്ണം, 60 HP- 9 എണ്ണം, 20 HP- 1 എണ്ണം) എന്നിവ താഴെ പറയുന്ന പടവുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

| **പാടശേഖരം / കോൾ പടവ്** | **പവർ** |
|---|---|
| കുരുടാൻ ആക്കറ്റാൻ | 50 HP |
| ചാത്തൻ കോൾ | 50 HP |
| പുത്തൂർ കരിക്ക | 50 HP |
| കുരുടാൻ ആക്കറ്റാൻ | 50 HP |
| ചിരുകണ്ടത്ത് | 50 HP |
| പണ്ടാരക്കോൾ | 50 HP |
| പുത്തൻകോൾ | 50 HP |
| ഒമ്പതുമുറി | 50 HP |
| കടവിൽ കോൾ | 50 HP |
| ചാത്തൻ കോൾ | 20 HP |
| നായ്ക്കൻ കോൾ കാളി പാടം | 50 HP |
| തരിശ് കരിമ്പന | 50 HP |
| തിരുത്താഴം കോൾ | 50 HP |
| പായിക്കോൾ | 50 HP |
| സംഘം സൗത്ത് കോൾ | 50 HP |
| കുരുടാൻ ആക്കറ്റാൻ | 60 HP |
| കുരുടാൻ ആക്കറ്റാൻ | 60 HP |
| കുരുടാൻ ആക്കറ്റാൻ | 60 HP |
| കുരുടാൻ ആക്കറ്റാൻ | 60 HP |
| ചാത്തൻ കോൾ | 60 HP |
| ചാത്തൻ കോൾ | 60 HP |
| നാലുമുറി-നടുമുറി | 60 HP |
| പുത്തൻകോൾ | 60 HP |
| സംഘം സൗത്ത് കോൾ | 60 HP |
| ചിരുകണ്ടത്ത് | 50 HP |

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

## ഹൈലെവൽ കനാൽ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി

| ഘടകങ്ങൾ | പുരോഗതി വിവരം |
|---|---|
| Reach I | ആഴം കൂട്ടൽ പ്രവൃത്തിയും, ഒരു ബോക്സ് കൾവർട്ടിന്റെ നിർമ്മാണവും മൂന്ന് സ്ലൂയിസ്സുകളുടെ നിർമ്മാണവും പൂർത്തീകരിച്ചു. |
| Reach II | ഒരു ബോക്സ് കൾവർട്ടിന്റെ നിർമ്മാണവും, രണ്ട് സ്ലൂയിസ്സുകളുടെ നിർമ്മാണവും, ആഴം കൂട്ടൽ പ്രവൃത്തിയുമാണ് പൂർത്തീകരിച്ചത്. |
| Reach III | ഒരു കൾവർട്ടും മൂന്ന് ബോക്സ് കൾവർട്ടിന്റെ നിർമ്മാണവും ആഴം കൂട്ടൽ പ്രവർത്തിയുമാണ് പൂർത്തീകരിച്ചത്. |
| Reach IV | രണ്ട് ബോക്സ് കൾവർട്ടിന്റെ നിർമ്മാണവും, ഒരു സ്ലൂയിസ്സിന്റെ നിർമ്മാണവും, ഒരു നടപ്പാലവും, രണ്ട് റാമ്പുകളുടെ നിർമ്മാണവും, ആഴം കൂട്ടൽ പ്രവൃത്തിയുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബണ്ട് നിർമ്മാണം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ